തിമിംഗലത്തിന്റെ നിലനില്പിന്

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ജീവിതം വിശാലസാഗരങ്ങളിൽ. പക്ഷേ കരയിലെ ജീവികളെപ്പോലെ അന്തരീക്ഷവായുവെടുത്ത് ഉപയോഗിക്കുന്നതാണ് ശ്വാസകോശം. കരയ്ക്കോ കടലിലോ നാളിതുവരെ കാണപ്പെട്ടിട്ടുള്ള ജന്തുക്കളിൽ വച്ച് ഏററവും വലിയ വലിപ്പമുണ്ട്. എന്നാൽ സഞ്ചാരം തുഴ പോലെ പ്രവർത്തിക്കുന്ന ചെറിയ അവയവവും പിന്നിലെ വലിയ വാലുമുപയോഗിച്ചാണ്. [illegible]ന്നോളം വരും ശിരസ്സ്. ശിരസ്സിന്റെ ഏതാണ്ടു നടുക്കാണ് നാസാദ്വാരം. ജലപ്പരപ്പിലെത്തി ഉച്ഛ്വസിക്കുമ്പോൾ വലിയ ജലധാരയുയരുന്നതായി തോന്നാം! കുഞ്ഞുങ്ങളെ പുലർത്തുന്നത് പാലൂട്ടിയാണ്. ദേഹോഷ്മാവും സ്ഥിരം തന്നെ. തൊലിക്കടിയിൽ അട്ടിപിടിച്ചു കട്ടിയായിട്ടുള്ള കൊഴുപ്പാണ് തണുപ്പിൽനിന്നുള്ള രക്ഷാകവചം. ഇങ്ങനെ എത്ര വേണമെങ്കിലും സവിശേഷതകൾ ചൂണ്ടിക്കാണിക്കാവുന്ന ജന്തുവാണ് തിമിംഗലം!

തിമിംഗലത്തെ അടിസ്ഥാനമാക്കി വലിയ വ്യവസായങ്ങളും മററും സ്ഥാപിച്ചിട്ടുള്ള നാട്ടുകാർ കുറവല്ല. അവരുടെ ആവശ്യം നിറവേററാൻ തിമിംഗലത്തെ, നിയന്ത്രണവും കാരുണ്യവും കാണിക്കാതെ ആ രാജ്യക്കാർ വേട്ടയാടി. തൽഫലമായി ആ സാധുജീവിയുടെ കുലം അററുപോയേക്കുമെന്ന നിലവന്നു. അമേരിക്കൻ ഐക്യനാടുകൾ, ഇംഗ്ളണ്ട്, റഷ്യ, സ്വീഡൻ, നോർവ്വേ, ഡന്മാർക്ക്, ജപ്പാൻ തുടങ്ങിയവയാണ് തിമിംഗലവേട്ടയിൽ വിപുലമായ താല്പര്യം പ്രദർശിപ്പിക്കുന്ന രാജ്യങ്ങൾ. സമുദ്രത്തിലെ ഭീമരൂപിയായ ഈ സന്തതിയെ രക്ഷിക്കാൻ, അഖിലലോകാടിസ്ഥാനത്തിൽ ഒരു കമ്മീഷൻ രൂപീകൃതമായി. തിമിംഗലത്തിന്റെ എണ്ണത്തിന് വളരെ കുറവുവരാത്തവിധത്തിൽ വേട്ട നിയന്ത്രിക്കുവാനുള്ള നടപടികൾ ശുപാർശ ചെയ്യുകയും നടപ്പിലാക്കുകയും ആണ്. അതിന്റെ കർത്തവ്യം.

തിമിംഗലങ്ങളെ പൊതുവായി രണ്ടുവിഭാഗത്തിൽ പെടുത്താം. ഒന്ന്—പല്ലില്ലാത്ത ബാലീൻ (Baleen) തിമിംഗലം. രണ്ട്—പല്ലുള്ള സ്പേം (Sperm) തിമിംഗലം. ഏതാണ്ട് മുന്നൂറിലേറെ എഴുന്നുനിൽക്കുന്ന മുള്ളുകളോടുകൂടിയ ''ബാലീനാ''ണ്, ആദ്യവിഭാഗത്തിൽപെട്ടവയുടെ പൊതുസ്വഭാവം. സഞ്ചരിക്കുമ്പോൾ വലിപ്പമേറിയ വായിലൂടെ കയററിവിടുന്ന കടൽവെള്ളത്തിലുള്ള കൊച്ചുപ്ലവങ്ങളെ (Plankton) അരിച്ച് ആഹാരിക്കുവാനാണ് വായിലെ ബാലീൻ മുള്ളുകൾ സഹായിക്കുന്നത്. ഈ ഭീമാകാരമുള്ള തിമിംഗലം കഴിക്കുന്നത് കണ്ണിൽപോലും പെടാനിടയില്ലാത്ത, കൊച്ചുകടൽ ജീവികളെയാണ്! ശരാശരി വലിപ്പമുള്ള ഒരു നീല തിമിംഗലം—അത് ഈ വിഭാഗത്തിൽ പെടും—ഒരു ദിവസം മൂന്നു ടണ്ണോളം പ്ലവങ്ങളാണ് അകത്താക്കുന്നത്!

ഇന്നു ജീവിച്ചിരിക്കുന്ന ഏററവും വലിപ്പമുള്ള ജന്തുവാണ് നീലതിമിംഗലം. നൂറടിയോളം നീളമെത്താവുന്ന ഇതിന്റെ തൂക്കം നൂററിനാല്പതു ടണ്ണിലധികം വരും! അതായത് സാധാരണ വലിപ്പമുള്ള മുപ്പതു ഗജവീരന്മാരുടെ തൂക്കം! പിറക്കുന്ന വേളയിൽ കുഞ്ഞിന് കുറഞ്ഞത് ഇരുപത്തിയഞ്ചടിയോളം നീളം കാണും! അടുത്തകാലത്തായി നീലതിമിംഗലത്തിന്റെ എണ്ണം, ആശങ്കയ്ക്ക് ഇടവരുത്തുന്നവിധം, ക്ഷയിച്ചിട്ടുണ്ട്. ഒരു സാധാരണ വലിപ്പമുള്ള തിമിംഗലത്തിൽനിന്ന് നൂററിയിരുപതു ബാരൽ കൊഴുപ്പെടുക്കാനൊക്കും! മററു വിഭവങ്ങൾ വേറെയും!

പല്ലൻ (Sperm) തിമിംഗലത്തിന്റെ വായിൽ വലിപ്പമുള്ളതെങ്കിലും മൂർച്ചയില്ലാത്ത, ബലമേറിയ, ദന്തനിരയുണ്ട്. അതിനോടു മല്ലിനു പുറപ്പെടുന്നവയെ വകവരുത്തുന്നതിന് പല്ല് വേണ്ടപോലെ പ്രയോജനപ്പെടുത്തുന്നു. ഹെർമാൻ മെൽവില്ലിന്റെ ''മോബി ഡിക്'' എന്ന പ്രസിദ്ധമായ കൃതിയിൽ കാണുന്നത് പല്ലൻ തിമിംഗലമാണ്!

തിമിംഗലം ഇന്നു വിപുലമായ വിവാദത്തിന്റെ കേന്ദ്രമായിത്തീർന്നിരിക്കുന്നു. അതിന്റെ വേട്ടയ്ക്കെതിരായി പല സംഘടനകളും സ്ഥാപനങ്ങളും വ്യക്തികളും ശബ്ദമുയർത്തുകയാണ്, എങ്കിലും തിമിംഗലവേട്ട കുറവൊന്നും കൂടാതെ നടക്കുന്നു. കള്ളവേട്ടയുടെ കഥ വേറെയും.

ശേഷം 36-ാം പേജിൽ

നീലത്തിമിംഗലം

അൻപതടി വലിപ്പത്തിലുള്ള ഒരു പല്ലൻ തിമിംഗലത്തിന്റെ റബ്ബർ മാതൃകയുമായി ബോണിലെ നോർവ്വേ പ്രതിപുരുഷാലയത്തിനു മുമ്പിൽ നടന്ന പ്രതിഷേധപ്രകടനം. നോർവ്വേക്കാരുടെ തിമിംഗലവേട്ടയ്ക്ക് വിരാമമിടണമെന്നതായിരുന്നു. പ്രകടനക്കാരുടെ ആവശ്യം.

നീലത്തിമിംഗലം—തുടർച്ച

വശനാശം സംഭവിക്കാതെ തിമിംഗലത്തെ രക്ഷിക്കുവാൻ, വേട്ടയിൽ ഗണ്യമായ കുറവുവരുത്തണമെന്ന് തല്പരകക്ഷികളോട് ആവശ്യപ്പെടുന്നതു് ഫലവത്താകുന്നില്ല. 1986 മുതൽ വേട്ട കർശനമായി നിരോധിക്കണമെന്ന് ഇൻറർനാഷണൽ കമ്മീഷൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതിനെതിരായി ശക്തിയായി വാദിക്കുന്ന രാജ്യങ്ങളിലൊന്ന് ജപ്പാനാണ്. തങ്ങളുടെ പരമ്പരാഗതമായ തൊഴിൽ തകരുവാൻ ഇതു് ഇടവരുത്തുമെന്നാണ് അവരുടെ വാദം. 15,000 പേർ പ്രത്യക്ഷമായും അതിനെക്കാളേറെയാളുകൾ പരോക്ഷമായും തിമിംഗലത്തെ കേന്ദ്രമാക്കിയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ട് ആ രാജ്യത്തു്. നോർവ്വേയാണ് തിമിംഗലവേട്ടകൊണ്ട് നേട്ടമുണ്ടാക്കുന്ന മറ്റൊരു രാജ്യം. അവരുടെ പ്രവർത്തനങ്ങളോടുള്ള പ്രതിഷേധം പ്രകടമാക്കുവാൻ യൂറോപ്പിൽ പല രാജ്യങ്ങളിലും പ്രകടനങ്ങൾ നടക്കാറുണ്ട്. സാഗരങ്ങളിൽ നിരുപദ്രവമായി ജീവിതം നയിക്കുന്ന ഭീമാകാരന്മാരായ, തിമിംഗലങ്ങളുടെ കുലം അററുപോകാതിരിക്കാൻ ഈ പ്രതിഷേധപ്രകടനങ്ങൾ പ്രയോജനപ്പെടട്ടെ.

—00—



തിമിംഗലം ശരിയായ സാഹചര്യത്തിൽ

പാചകരംഗം

റൊമാറ്റോ റൈസ്

ബസ്മതി റൈസ്	—രണ്ടു കപ്പ്
റൊമാറ്റോ	—പത്തു്
സവോള	—രണ്ടു്
ഇഞ്ചി	—ഒരു കഷണം
വെളുത്തുള്ളി	—രണ്ടു കുടം
ബീൻസ്	—ആറ്
കാരററ്	—ഒന്നു്
മല്ലിയില	—ഒരു തണ്ടു്
പുതിനായില	—ഒരു തണ്ടു്
മഞ്ഞൾപൊടി	—ഒരു നുള്ള്
മുളകുപൊടി	—ഒരു ടീ സ്പൂൺ
ഡാൽഡാ	—രണ്ടു ടേബിൾ സ്പൂൺ
ഉണക്കമുന്തിരി	—ഒരു പിടി
കശുവണ്ടി പരിപ്പ്	—ഒരു പിടി

പാചകരീതി

അരി നല്ലതുപോലെ കഴുകി വെള്ളം വാലാൻ വയ്ക്കുക. തക്കാളിപ്പഴങ്ങൾ കഷണങ്ങളാക്കുക. സവോള, ഇഞ്ചി, വെളുത്തുള്ളി ഇവ പ്രത്യേകം വെവ്വേറെ അരയ്ക്കണം. കാരററ്, ബീൻസ്, ഇവ നീളത്തിൽ കനം കുറച്ച് അരിയണം. മുന്തിരിയും, കശുവണ്ടിയും, ഡാൽഡായിലോ, നെയ്യിലോ വറുത്തെടുക്കാം.

അരി, അധികം വെന്തുപോകരുതു്. ചീനച്ചട്ടിയിൽ ഡാൽഡായൊഴിച്ച് കാരററ്, ബീൻസ് ഇവ വഴററിയെടുക്കണം. പിന്നീട് സവോള, ഇഞ്ചി, വെളുത്തുള്ളി ഇവ അരച്ചതു് ഓരോന്നായി വഴററുക. ഇതിലേക്ക് മുളകുപൊടിയും, മഞ്ഞൾപൊടിയും ചേർത്തു് വഴററി, തക്കാളിക്കഷണങ്ങൾ ഇടുക. തക്കാളി അലിഞ്ഞു്, എണ്ണ തെളിയാൻ തുടങ്ങുമ്പോൾ വെന്ത ചോറു് ഇതിലേയ്ക്കു ചേർത്തു് നല്ലതുപോലെ ഇളക്കുക. പിന്നീട് കാരററ്, ബീൻസ്, വറുത്ത മുന്തിരി, കശുവണ്ടി ഇവയും ചേർത്തു് വീണ്ടും ഇളക്കണം. മല്ലിയിലയും, പാകത്തിന് ഉപ്പും ചേർത്തു് ചെറുതീയിൽ അല്പനേരം വയ്ക്കുക. പിന്നീട് വാങ്ങി ചൂടോടെ വിളമ്പുക.

സെലിൻ സണ്ണി

ത്തിച്ചേരേണ്ടിവരുന്ന പല പെൺകുട്ടികൾക്കും ഇമ്മാതിരി ക്രൂരമായ സത്യങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട്. അച്ഛനമ്മമാർ, മകൾക്കു വിവാഹാലോചനയുമായി വരുന്ന യുവാവിൻെറ ജോലി മാത്രമേ തിരക്കാറുള്ളു പലപ്പോഴും. അയാൾ ഏതു തരക്കാരനാണെന്നോ ഏതെല്ലാം സാഹചര്യങ്ങളിലാണ് അയാളിപ്പോൾ ജീവിക്കുന്നതെന്നോ അന്വേഷിക്കാറില്ല. അന്വേഷണത്തിനുള്ള സൗകര്യങ്ങളും ലഭിക്കാറില്ല. ചെറുക്കന് അന്യനാട്ടിലാണ് ജോലി (വിദേശത്താണെങ്കിൽ പറയുകയും വേണ്ട) എന്നു കേൾക്കുമ്പോഴേ സമ്മതം മൂളുന്ന പല മാതാപിതാക്കളേയും ചേച്ചിക്കറിയാം. തങ്ങളുടെ മകളുടെ ഭർത്താവായി വരുന്ന ചെറുപ്പക്കാരന് പട്ടണത്തിൽ ഭാര്യയെ താമസി

പ്പിക്കാനുള്ള വരുമാനം ഉണ്ടോ എന്നുപോലും അന്വേഷിക്കാറില്ല..

കല്യാണം ഉടനെ നടക്കും. പിന്നീട് പുതിയ സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരാൻ ആ പെൺകുട്ടിക്കു കഴിയാതെ പോകുന്നു. അനിയത്തിക്കു സംഭവിച്ചതുപോലെ പല തരത്തിലുള്ള ക്രൂരമായ അനുഭവങ്ങൾക്കും ഇടയാവുകയും ചെയ്യുന്നു. അങ്ങനെ നരകയാതന അനുഭവിക്കേണ്ടിവരുന്ന പല അനിയത്തിമാരുടേയും കഥകൾ ചേച്ചി നേരിട്ടു കേട്ടിട്ടുണ്ട്.

അനിയത്തി ആത്മഹത്യയ്ക്കൊന്നും ഒരുമ്പെടരുതു് എന്ന് ചേച്ചി അപേക്ഷിക്കുന്നു. പിടിച്ചു നില്ക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ അനിയത്തി തിരികെ നാട്ടിൽ പോന്നതിൽ ഞാൻ അനിയത്തിയെ പഴിക്കുന്നില്ല. എന്നിരിക്കിലും നല്ലൊരു കൗൺസിലിംഗ് കൊണ്ടു് ഭർത്താവിൻെറ സ്വഭാവം മാററിയെടുക്കാൻ കഴിയുമായിരുന്നു. ഇനി ആയാലും അതിനു ശ്രമിച്ചുനോക്കൂ. നാട്ടിൽ വരാനും അനിയത്തിയേയും കുട്ടിയേയും വന്നു കാണാനും ഭർത്താവിന് എഴുതൂ. അനിയത്തിയെ ഈശ്വരൻ സഹായിക്കട്ടെ.

സ്നേഹപൂർവ്വം

ചേച്ചി